<u>പതിനാലാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 1892 — 01-02-2018 -ൽ മറുപടിക്ക്

## ഓഖി ദുരന്തനിവാരണ ഫണ്ടിൽ നിന്നും വൈപ്പിൻ നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ. | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഓഖി ദുരന്തബാധിത പ്രദേശങ്ങളിൽ ദുരന്തനിവാരണ ഫണ്ടിൽ നിന്നും തുക ചിലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) & ബി) | ഓഖി ദുരന്തത്തോട് അനുബന്ധിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി 15 ലക്ഷം രൂപ എസ് ഡി ആർ എഫ് ഫണ്ടിൽ നിന്നും കൊച്ചി തഹസിൽദാർക്ക് അനുവദിച്ച് നൽകിയിരുന്നു. ഇതിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ദുരിതാശ്വാസ ക്യാമ്പുകളിലെ സുഗമമായ പ്രവർത്തനത്തിലേയ്ക്ക് മാത്രമായി 2.5 ലക്ഷം (രണ്ടര ലക്ഷം) രൂപ ചിലവഴിച്ചിട്ടുള്ളതാണ്. കൂടാതെ 1,49,23,550/- രൂപ വൈപ്പിൻ, ചെല്ലാനം മേഖലകളിൽ തകർന്ന വീടുകളുടെ നാശനഷ്ടം അനുവദിക്കുന്നതിന് 20/01/2018-ൽ കൊച്ചി തഹസിൽദാർക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ജില്ലയിൽ ദുരിതം അനുഭവിക്കുന്ന 8540 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വീതം നൽകുന്നതിലേയ്ക്കായി 1,70,80,000/- (ഒരു കോടി എഴുപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപ ഫിഷറീസ് വകുപ്പിന് അനുവദിച്ചിട്ടുള്ളതാണ്. അതിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 4299 കുടുംബങ്ങൾക്ക് 2,000/- രൂപ പ്രകാരം 85,98,000/- (എൺപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഏതെല്ലാം ഇനങ്ങളിലായി എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ